# Academic Master Plan

# 2025-26

# AMALPS KUTTIPPALLAM

# സ്കൂൾ വിവരങ്ങൾ

ഉപജില്ല - ചിറ്റൂർ

സ്കൂൾ കോഡ് - 21336

സ്കൂളിന്റെ പേര് : എ.എം.എ.എൽ.പി
സ്കൂൾ കുറ്റിപ്പള്ളം

മേൽവിലാസം : തെക്കേദേശം (po)
പാലക്കാട് ജില്ല.

പിൻകോഡ് : 678553

ഫോൺ നമ്പർ : 9947601476

ഇ.മെയിൽ അഡ്രസ്സ് : amalpskpallam@gmail.com

ഗ്രാമ പഞ്ചായത്ത് : നല്ലേപ്പിള്ളി.

വിദ്യാഭ്യാസ ജില്ല : പാലക്കാട്.

ക്ലാസ്സുകൾ : ഒന്ന് മുതൽ നാല് വരെ.

മാനേജ്മെന്റ് : എയ്ഡഡ്.

പഠന മാധ്യമം : മലയാളം & ഇംഗ്ലീഷ്.

ആമുഖം :

പാലക്കാട് ജില്ലയുടെ കിഴക്കൻ മേഖലയായ ചിറ്റൂർ ഉപജില്ലയിൽ നല്ലേപ്പിള്ളി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന എയ്ഡഡ് സ്കൂളാണ് കുറ്റിപ്പള്ളം എ.എം.എ.എൽ.പി സ്കൂൾ. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും അക്കാദമികേതര രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. ഓരോ വർഷവും സ്കൂൾതല മേളകളും കായികമത്സരങ്ങളും സംഘടിപ്പിക്കുകയും മികവാർന്ന പ്രതിഭകളെ സെലക്ട് ചെയ്ത് ഉപജില്ലാ ശാസ്ത്രമേളയിലും, കലോത്സവങ്ങളിലും സ്പോർട്സിലും കുട്ടികളെ പങ്കെടുപ്പിക്കുകയും ഉന്നത വിജയം കരസ്ഥമാക്കി വരികയും ചെയ്യാറുണ്ട്.

അക്കാദമിക രംഗത്തെയും അക്കാദമികേതര രംഗത്തെയും മികവിന് കാരണം ചിട്ടയായ പ്ലാനിംഗും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മ കണ്ടെങ്കിൽ അപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന്

മാനേജറുടെ ഇടപെടലുകൾ ഉണ്ടാകുന്നുണ്ട്. ജന പ്രതിനിധികളുടെ പിന്തുണയുടെ ഫലമായി സ്കൂളിന് ഒരു ബസ്സും, ഒരു പാചകപ്പുരയും ലഭിക്കുകയുണ്ടായി. കരാട്ടെ, എയറോബിക്സ് എന്നിവ വർഷങ്ങളായി നടന്ന് വരുന്നു.

ഈ വർഷം 'ബുൾബുൾ' എന്ന പേരിൽ സ്കൗട്ട് & ഗൈഡിന്റെ ഭാഗമായി ഒരു യൂണിറ്റ് സ്കൂളിൽ ആരംഭിച്ചിരിക്കുന്നു. കുട്ടികളിൽ അച്ചടക്കം, ഏകാഗ്രത, സത് പ്രവർത്തി ചെയ്യാനുള്ള മനോഭാവം വളർത്തിയെടുക്കുക എന്നതാണ് ലക്ഷ്യം. പരിസ്ഥിതി ക്ലബ്ബ്, ഗണിത ക്ലബ്ബ്, വിദ്യാരംഗം, അറബിക്ലബ്ബ്, ഇംഗ്ലീഷ് ക്ലബ്ബ്, സോഷ്യൽ ക്ലബ്ബ് എന്നിങ്ങനെ വിവിധ തരം ക്ലബ്ബുകൾ പ്രവർത്തിച്ച് വരുന്നു. കുട്ടികൾക്ക് വായനക്കാവശ്യമായിട്ടുള്ള ലൈബ്രറി പ്രത്യേകം ഒരുക്കിയിട്ടുണ്ട്. പുതുമയാർന്ന പ്രവർത്തനങ്ങളിലൂടെ അക്കാദമിക ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻ ഉള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

പ്രവർത്തനങ്ങൾ :

1 ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
2. വായനാ ശേഷി വർദ്ധിപ്പിക്കൽ
3 ലൈബ്രറി ശാക്തീകരണം
4. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

5. പച്ചക്കറിത്തോട്ടം
6. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
7. ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
8. കായിക ശേഷി വികസനം
9. ഐ.ടി പഠനം കാര്യക്ഷമമാക്കൽ
10. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

# ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | * ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ<br>** ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ<br>*** ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല. | * എല്ലാ ക്ലാസ്സും<br>ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക്.<br>ആഴ്ചയിൽ ഒരു ദിവസം. | ബന്ധപ്പെട്ട ടീച്ചർ.<br>ഇംഗ്ലീഷ് ക്ലബ്ബ് കൺവീനർ.<br>ക്ലാസ് ടീച്ചർ | ഇല്ല. |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ, വായനാകുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ. | ഇല്ല. |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ. | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി. | |

## വായനാ ശേഷി വർദ്ധിപ്പിക്കൽ മലയാളം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1) അക്ഷരം ഉറപ്പിക്കൽ<br>2) ചിഹ്നം ഉറപ്പിക്കൽ<br>3) പദനിർമ്മാണം<br>4) വാക്യ നിർമ്മാണം<br>5) ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 4 മാസം. അല്ലെങ്കിൽ ഒരു വർഷക്കാലം | മലയാളം ടീച്ചർ SRG. | P.T.A / Manager |
| 2) എല്ലാ കുട്ടികളെയും സ്വന്തം വായനക്കാരാക്കുക. | ക്ലാസ് ലൈബ്രറി നവീകരിക്കൽ - ഉപയോഗിക്കൽ ജന്മദിന പുസ്തകം സ്കൂൾ ലൈബ്രറി | ഒരു മാസം അല്ലെങ്കിൽ മൂന്ന് മാസം | അതാത് ക്ലാസ് അധ്യാപകർ | PTA അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പത്ര വായന പരിപോഷിപ്പിക്കുക. | * പത്ര വായന - പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ<br>* ഓരോ ക്ലാസിനും ഓരോ പത്രം.<br>* രാവിലെ പ്രധാന പത്ര വാർത്തകളുടെ അവതരണം.<br>* പത്ര ക്വിസ് | 3 മാസം<br>ദിവസേന<br>ആഴ്ചയിൽ ഒരു ദിവസം. | വിദ്യാരംഗം/ ക്ലാസ് അധ്യാപകർ | PTA<br>മാനേജർ<br>സ്പോൺസർ |
| സർഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ<br>കവിതാലാപനം<br>സാഹിത്യകാരന്മാരുമായി സംവദിക്കൽ<br>അമ്മമാർക്കൊരു പുസ്തകം. (വീടുകളിലേക്ക് കുട്ടികൾ വഴി.) | മാസത്തിൽ ഒരു തവണ<br>വർഷത്തിൽ ഒരു തവണ. | വിദ്യാരംഗം/ SRG<br>വിദ്യാരംഗം/ SRG.<br>ക്ലാസ് അധ്യാപകർ | PTA<br>സ്പോൺസർ |

# സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം.

| ലക്ഷ്യം. | പ്രവർത്തനം : | കാലം. | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് LSS സ്കോളർഷിപ്പ് നേടിയെടുക്കാൻ പ്രാപ്തരാക്കൽ. | ചിട്ടയായ പരിശീലനത്തിലൂടെ പരമാവധി കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ | 10 മാസം. | നാലാം-ക്ലാസ് അധ്യാപകർ | മാനേജർ PTA |
| | പച്ചക്കറി തോട്ടം | | | |
| * ഉച്ചഭക്ഷണത്തിന്റെ കൂടെ പോഷക സമൃദ്ധമായതും വിഷരഹിതമായ ഇലയ പച്ചക്കറികൾ ലഭ്യമാക്കൽ | അടുക്കളത്തോട്ടം ഒരുക്കൽ. പച്ചക്കറികൾ കൃഷി ചെയ്യൽ | ഒരുവർഷം മുഴുവനും | പരിസ്ഥിതി ക്ലബ്ബ് കൺവീനർ ക്ലാസ്അധ്യാപകർ | ടീച്ചർമാർ പിടിഎ മാനേജർ |
| * കൃഷിയോടുള്ള താൽപര്യം ജനിപ്പിക്കൽ | വീടുകളിൽ കൃഷിചെയ്യാൻ പരിചരിക്കാനുള്ള അവസരം ഒരുക്കുന്നു. | ഒരുവർഷം | കുട്ടികൾ | |

# സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| സ്കൂളിന്റെ ഗുണമേന്മയും പൊതുവിദ്യാഭ്യാസത്തിന്റെ മികവും പൊതുസമൂഹത്തിൽ അറിയിക്കൽ. | ദിനാചരണങ്ങളുടെ സ്കൂളിൽ നടക്കുന്ന അക്കാദമികമായ പ്രവർത്തനങ്ങളുടെ ഫോട്ടോ സ്കൂൾ ബ്ലോഗിൽ അപ്‌ലോഡ് ചെയ്യൽ | അതാത് ദിനാചരണങ്ങൾ വരുന്ന മാസം. | IT ക്ലബ്ബ് കൺവീനർ<br>SRG | [illegible]<br>[illegible] |
| **ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ** | | | | |
| വിവിധ ശേഷികളുടെ വികസനം. ദിവസങ്ങളുടെ പ്രത്യേകതകൾ കുട്ടികൾ മനസിലാക്കൽ | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനങ്ങളുമായി സംഘടിപ്പിക്കൽ<br>*അസംബ്ലിയിൽ പ്രത്യേക ദിനങ്ങളെ കുറിച്ചുള്ള speech | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ<br>SRG<br>ഓരോ ദിവസവും ചുമതല ഉള്ള അധ്യാപകർ | PTA<br>[illegible] |

# കായിക ശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ആരോഗ്യമുള്ള ശരീരം മനസ്സ് രൂപപ്പെടുത്തൽ അതിലൂടെ വിദ്യാഭ്യാസം ഫലപ്രദമാക്കൽ. | കരാട്ടെ, എയ്റോബിക്സ് എന്നിവ സംഘടിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം ഒരുമണിക്കൂർ | അധ്യാപകർ | P T A |
| * കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | * കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലെത്തിക്കൽ | 6 മാസം | കായികചുമതലയുള്ള അധ്യാപകൻ | |
| ഐ.ടി പഠനം. കാര്യക്ഷമമാക്കൽ | | | | |
| ICT ഉപയോഗിക്കാൻ കുട്ടികളെ പ്രാപ്തരാക്കൽ. | ലാപ്ടോപ്പും Projector ഉം ഉപയോഗിച്ച് ക്ലാസ്സ് റൂം പഠന പ്രവർത്തനങ്ങൾ ചെയ്യുന്നു. | ഒരുവർഷം മുഴുവൻ | അധ്യാപകർ | സർക്കാർ |

## PTA, ക്ലാസ് PTA കാര്യക്ഷമമാക്കൽ

11

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പ് വരുത്തലും | CPTA യോഗം കാര്യക്ഷമമായി നടത്തൽ കുട്ടികളുടെ പഠനനേട്ടങ്ങൾ പഠന തെളിവുകൾ അതോടൊപ്പം പഠനനേട്ടം ഇടയ്ക്കിടെയുള്ള അവതരണം. CPTA യിൽ | ഒരു വർഷത്തിൽ 3 മാസത്തിൽ ഒരിക്കൽ ഓരോ ടേം പരീക്ഷ കഴിയുമ്പോഴും | SRG<br>ക്ലാസ് ടീച്ചർ | |
| PTA ജനറൽ ബോഡിയിൽ അക്കാദമിക കാര്യങ്ങൾ പങ്കുവെക്കലും സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പ് വരുത്തലും | ജനറൽ ബോഡി വിളിക്കുക, സജീവവും കെട്ടുറപ്പുള്ളതുമായ ഒരു കമ്മിറ്റി രൂപീകരിക്കുക. | ജൂലൈ മാസം | HM & SRG. | മാനേജർ അധ്യാപകർ |